## 642

*രീതി: കർത്താവിനായ് പാരിലെന്റെ*

വാഴ്ത്തിടുമേ-വാഴ്ത്തുമെന്റെ നാഥനെ ഞാനെന്നും
കീർത്തിച്ചിടും തന്റെ ദിവ്യനാമം

1 എന്നെത്തേടി മന്നിൽ വന്ന നാഥാ! -ഇന്നു
നിന്നെ വിട്ടു ഞാനെവിടെ പോകും ?
നിന്നെ മാത്രം നോക്കി ക്രൂശെടുത്തു ഞാനും
വന്നിടുമേ നിൻ പിന്നാലെയെന്നും-

2 ക്ഷീണിക്കാത്ത സാക്ഷിയായിത്തീരാൻ-എന്നെ
വീണിടാതെ നിത്യം മാറിടാതെ എന്നെ
താങ്ങിടണേ രക്ഷകാ! നീ എന്നും-

3 വൻവിനകൾ വന്നിടുന്ന നേരം-കർത്തൻ
തൻചിറകിൽ വിശ്രമം നൽകിടും തേന്മൊഴികൾ
നൽകി ആശ്വസിപ്പിച്ചിടും കന്മഷങ്ങളാകെയങ്ങു തീരും-

4 മുന്നമേ നിൻകണ്ണിലെന്നെ കണ്ടോ-ഞാനും
ഒന്നുമേയറിഞ്ഞതില്ല നാഥാ! വന്നു നിൻസവിധേ-
യെല്ലാം അർപ്പിച്ചിടും വല്ലഭാ! നിൻസേവയ്ക്കായ് പോകും-

5 കർത്തൻതൻ ജനത്തെയങ്ങു ചേർക്കും അന്ന്
തുൻപമില്ലാ വീട്ടിൽ ഞാനും ചേരും എൻവിലാപം മാറും
കണ്ണുനീരും തോരും ഹല്ലേലുയ്യാ ഗീതം ചേർന്നു പാടും-

**M.J.P.**